മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

Article ID: MRK0007

# സിനിമകളിലെ പുതുപ്രവണതകളും നവസാങ്കേതികവിദ്യകളും

» ഗൗതമൻ തായാട്ട്

***പ്രബന്ധസംഗ്രഹം***
*സാങ്കേതികവിദ്യയുടെ പുതുപ്രവണതകളിലൂടെയാണ് സിനിമകൾ ഇന്ന് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. നവസാങ്കേതികവിദ്യയുടെ ഒരു പുതുലോകംതന്നെ സിനിമാലോകത്ത് ഇന്ന് തുറന്നിടപ്പെട്ടിട്ടുണ്ട്. ഡിജിറ്റൽ ഇഫക്റ്റുകൾ, പാരമ്പര്യേതര എഡിറ്റിംഗ്, വി.ആർ, എ.ആർ, സംവേദനാത്മക മാധ്യമങ്ങൾ തുടങ്ങിയ പുതിയ സിനിമാ സാങ്കേതികവിദ്യകൾ സിനിമകളിൽ എങ്ങനെ ഉപയോഗിക്കപ്പെടുന്നു എന്ന് ചലച്ചിത്രപഠനത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് ഈ പ്രബന്ധം പരിശോധിക്കുന്നു.*

***താക്കോൽവാക്കുകൾ***
*ഡിജിറ്റൽ, പുതുപ്രവണത, മാധ്യമം, സാങ്കേതികവിദ്യ, സിനിമ*

..............................................................................................................................................................................

**ആമുഖം**

ദൃശ്യാവിഷ്കാരങ്ങളിൽ ഏറ്റവും സ്വാധീനമുള്ള സാമൂഹികരൂപങ്ങളിലൊന്നാണ് "ഏഴാമത്തെ കല" എന്ന് വിളിക്കപ്പെടുന്ന സിനിമ. മറ്റ് കലാരൂപങ്ങളിൽനിന്ന് വ്യത്യസ്തമായി, ദൃശ്യ, ശ്രാവ്യ ഇന്ദ്രിയങ്ങളെ ലയിപ്പിക്കാനുള്ള അതുല്യമായ കഴിവ് സിനിമയ്ക്കുണ്ട്. വിനോദമുണ്ടാക്കുക മാത്രമല്ല, ചിന്തകളെ പഠിപ്പിക്കുകയും പ്രചോദിപ്പിക്കുകയും പ്രകോപിപ്പിക്കുകയും ചെയ്യുന്ന ഒരു മാധ്യമമായി ഇന്ന് സിനിമ നിലനിൽക്കുന്നു. സിനിമയുടെ കാതൽ സമൂഹത്തിന്റെ പ്രതിഫലനമാണ്. പുതിയ കാഴ്ചപ്പാടുകളിൽനിന്ന് ജീവിതത്തെ കാണുകയും, മറ്റൊരു ലോകത്തേക്ക് കാഴ്ചക്കാരെ കൊണ്ടുപോകാനുള്ള കഴിവും സിനിമയ്ക്കുണ്ട്.

നിശബ്ദ സിനിമകളിൽനിന്നും ശബ്ദസിനിമകളിലേക്കുള്ള മാറ്റമാണ് സിനിമാപരിണാമചരിത്രത്തിലെ ആദ്യത്തെ ഘട്ടം. ഓർക്കസ്ട്രകളോ പിയാനിസ്റ്റുകളോ തത്സമയം പ്ലേ ചെയ്യുന്ന സംഗീതമായിരുന്നു നിശബ്ദസിനിമകളുടെ ജീവൻ. ഇത് ദൃശ്യങ്ങളിൽ വൈകാരികആഴം കൊണ്ടുവരുന്നു. എന്നിരുന്നാലും, ആക്കാലത്തെ സാങ്കേതികവിദ്യ പരിമിതമായിരുന്നു. ചില സ്പെഷ്യൽ ഇഫക്റ്റുകൾ ഉപയോഗിച്ചിരുന്നുവെങ്കിലും വളരെയധികം പരിമിതികൾ അതിനൊക്കെതന്നെ ഉണ്ടായിരുന്നു. അതിനുപുറമേ പ്രേക്ഷകരുടെ ഭാവനയെ വളരെയധികം ആശ്രയിച്ച് പ്രാക്ടിക്കൽ ഇഫക്റ്റുകൾ, മിനിയേച്ചർ മോഡലുകൾ, സ്റ്റോപ്പ്-മോഷൻ ആനിമേഷൻ എന്നിവയും മിതമായി പഴയകാലങ്ങളിൽ ഉപയോഗിച്ചു കാണാം.
തുടർന്നാണ് സിനിമകളിലെ നിറവ്യത്യാസം ആവിർഭവിക്കുന്നത്. ബ്ലാക്ക് ആന്റ് വൈറ്റ് സിനിമകളിൽനിന്നും കളർ സിനിമകളിലേക്കുള്ള പരിണാമം സിനിമാസമൂഹത്തെ ദൃശ്യഭംഗിയുടെ മറ്റൊരു ലോകത്തേക്ക് കൂട്ടികൊണ്ടുപോയി. അതിനെത്തുടർന്ന് നിരവധിയായ മാറ്റങ്ങൾ ആവിർഭവിക്കുകയും സിനിമയുടെ മറ്റൊരു വിസ്മയലോകം തുറക്കപ്പെടുകയും ചെയ്തു. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വരവോടെ സിനിമ വലിയ പരിവർത്തനത്തിന് വിധേയമാവുകയും ആഴമേറിയതും യാഥാർഥ്യബോധമുള്ളതുമായ അനുഭവങ്ങൾ സൃഷ്ടിക്കുന്നതിന് നൂതന ഉപകരണങ്ങളും സാങ്കേതികവിദ്യകളും പ്രയോജനപ്പെടുത്തുകയും ചെയ്തു.

**സിനിമകളിലെ പുതുപ്രവണതകളും ഉൾച്ചേർക്കലും**

സിനിമ അതിന്റെ എളിയ തുടക്കത്തിൽനിന്ന്, സമകാലിക സമൂഹത്തെ സ്വാധീനിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന ഒരു മൾട്ടി-ബില്യൺ ഡോളർ വ്യവസായമായി ഇന്ന് പരിണമിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ കഥകളുടെ വൈവിധ്യത്തിന്റെ അഭാവം ദോഷകരമായ സ്റ്റീരിയോടൈപ്പുകളിലേക്ക് നയിക്കുകയും പ്രാതിനിധ്യത്തിന്റെ അഭാവം ചില പ്രത്യേക കൂട്ടങ്ങളെ പാർശ്വവൽക്കരിക്കുകയോ ഒഴിവാക്കുകയോ പ്രാതിനിധ്യം കുറയ്ക്കുകയോ ചെയ്തിരുന്നു. സിനിമയിൽ പാർശ്വവൽക്കരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഒരു പ്രധാന പ്രശ്നമാണ്, കാരണം ഈ കൂട്ടങ്ങളെ സമൂഹത്തിൽ എങ്ങനെ കാണുകയും പരിഗണിക്കുകയും ചെയ്യുന്നു എന്നതിനെ സിനിമ പലപ്പോഴും സ്വാധീനിച്ചിരുന്നു.

ആദ്യകാല സിനിമകളിൽ വർണ്ണം, വംശം, ദേശം, ഭിന്നശേഷി തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പാർശ്വവൽകരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളെ സിനിമകളിൽ അവഹേളിക്കുകയോ തെറ്റായി ചിത്രീകരിക്കുകയോ ചെയ്തിട്ടുണ്ട്. ഇത് പലപ്പോഴും മോശമായ സ്റ്റീരിയോടൈപ്പുകൾക്കും വിവേചനത്തിനും കാരണമായി. എന്നാൽ പുതുകാല സിനിമാഖ്യാനങ്ങൾ വിപ്ലവകരമായ പല മാറ്റങ്ങളെയും ഉൾക്കൊള്ളുന്നവയാണ്. എല്ലാവരെയും ചേർത്തുകൊണ്ടുള്ള വിവേചനരഹിതമായ ഒരു ചലച്ചിത്രഭാഷ ഇന്ന് നിലവിലുണ്ട്. എൽജിബിടിക്യൂഎ+ പോലെ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ഒരുകാലത്ത് അരികുവൽക്കരിക്കപ്പെട്ട എല്ലാവിഭാഗങ്ങളെയും പുതുകാലസിനിമകൾ ഉൾക്കൊള്ളുന്നുണ്ട്. ലിംഗഭേദം, ജാതി, വർഗം, രാഷ്ട്രീയം, പരിസ്ഥിതി തുടങ്ങിയ സാമൂഹിക വിഷയങ്ങൾ വെളിച്ചത്തുകൊണ്ടുവരുന്ന ഒരു ആധുനികവേദിയായി ഇതിലൂടെ സിനിമ മാറുന്നു. ഇവ പൊതുജനങ്ങൾക്കിടയിൽ വിമർശനാത്മക ചർച്ചകൾക്ക് വഴിയൊരുക്കുകയും ഹേബർമാസ് വിഭാവനം ചെയ്ത പൊതുമണ്ഡലത്തിന്[1] സമാനമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

സിനിമകളിൽ സംഭവിച്ച പുതുപ്രവണതകളിൽ എടുത്തുപറയേണ്ട പ്രധാനപ്പെട്ട ഒന്നാണ് ഒ.ടി.ടി (ഓവർ ദി ടോപ്) പ്ലാറ്റ്ഫോമുകൾ. ഇന്ന് മലയാളത്തിൽ മാത്രമായിത്തന്നെ പത്തിനുമുകളിൽ ഒ.ടി.ടി പ്ലാറ്റ്ഫോമുകൾ ലഭ്യമാണ്. തീയേറ്ററിൽ മാത്രംപോയി കണ്ടുകൊണ്ടിരുന്ന സിനിമകളെ വളരെ എളുപ്പത്തിൽ ഏത് സമയത്തും, എവിടെനിന്നുകൊണ്ടും കാണാൻ കഴിയുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. തിയേറ്ററിനെ അപേക്ഷിച്ച് സ്വഭാഷകളിലും മറ്റു ഭാഷകളിലുമുള്ള ധാരാളം സിനിമകളും മറ്റു പരിപാടികളും ഒരേ ഇടത്തിൽ ലഭിക്കുന്നു എന്നതാണ് പ്രധാനമായും ജനങ്ങൾ ഒ.ടി.ടി.യെ ആശ്രയിക്കാനുള്ള കാരണം. കേബിൾ അല്ലെങ്കിൽ സാറ്റലൈറ്റ് ടെലിവിഷൻപോലുള്ള പരമ്പരാഗത വിതരണ ചാനലുകളെ മറികടന്ന് വീഡിയോ, ഓഡിയോ, മറ്റ് കാര്യങ്ങൾ എന്നിവ ഇന്റർനെറ്റിന്റെ സഹായത്തോടെ ഉപയോക്താക്കൾക്ക് നേരിട്ട് എത്തിക്കുന്ന സേവനങ്ങളെയാണ് ഒ.ടി.ടി. എന്ന പദം സൂചിപ്പിക്കുന്നത്. നെറ്റ്ഫ്ലിക്സ്, ആമസോൺ പ്രൈം, ഹോട്ട്സ്റ്റാർ തുടങ്ങിയ ജനപ്രിയ പ്ലാറ്റ്ഫോമുകളും സീ 5, മനോരമ മാക്സ്, സൺനെക്സ്റ്റ് തുടങ്ങിയ പ്രാദേശിക സേവനങ്ങളും പ്രേക്ഷകർക്ക് സിനിമ തിരഞ്ഞു കണ്ടുപിടിക്കാനും അനുഭവിക്കാനുമുള്ള രീതിയിൽ വിപ്ലവം സൃഷ്ടിച്ചു.

വാണിജ്യവിജയം നേടിയ മുഖ്യധാരാസിനിമകൾ മുതൽ സ്വതന്ത്രസിനിമകൾ, ഡോക്യുമെന്ററികൾ, ഹ്രസ്വചിത്രങ്ങൾവരെ എല്ലാം ഒടിടി പ്ലാറ്റ്ഫോമുകളിൽ പ്രദർശിപ്പിക്കപ്പെടുന്നു. കൂടാതെ തിയേറ്റർ റിലീസുകളുമായി ബന്ധപ്പെട്ട വാണിജ്യപരമായ സമ്മർദ്ദങ്ങളില്ലാതെ പാരമ്പര്യേതര ആഖ്യാനങ്ങൾ പര്യവേക്ഷണം ചെയ്യാനും പരീക്ഷണാത്മക സിനിമകളെ പ്രോത്സാഹിപ്പിക്കാനും ഒ.ടി.ടി യ്ക്ക് സാധിക്കുന്നുണ്ട്. ഇതിന്റെ നൂതന അൽഗോരിതം ഉപയോഗിച്ചുകൊണ്ട് പ്രേക്ഷകരുടെ താല്പര്യങ്ങൾക്കനുസരിച്ച് വ്യക്തിഗത ശുപാർശകളും നൽകാനാവും. ഈ സവിശേഷത കാഴ്ചാനുഭവം വർദ്ധിപ്പിക്കുക മാത്രമല്ല, അവരുടെ താൽപ്പര്യങ്ങളുമായി പൊരുത്തപ്പെടുന്ന പുതിയതും വ്യത്യസ്തവുമായ സിനിമകളും മറ്റു പരിപാടികൾ കണ്ടെത്താനും പ്രേക്ഷകരെ സഹായിക്കുന്നു.

ഒ.ടി.ടി പ്ലാറ്റ്ഫോമുകളുടെ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്ന് അവയുടെ സൗകര്യമാണ്. തിയേറ്ററിനെ അപേക്ഷിച്ച് കാഴ്ചക്കാർക്ക് അവരുടെ വേഗതയിൽ സിനിമകൾ കാണാനും നിർത്തിവെക്കാനും ആവശ്യാനുസരണം പുനരാരംഭിക്കാനും കഴിയും. തിയേറ്ററുകളുടെയോ ടെലിവിഷൻ പ്രക്ഷേപണങ്ങളുടെയോ നിശ്ചിത സമയങ്ങളിൽനിന്ന് വ്യത്യസ്തമായി, ഒടിടി പ്ലാറ്റ്ഫോമുകൾ പ്രേക്ഷകരെ അവരുടെ സ്വന്തം കാഴ്ചസമയങ്ങൾ സൃഷ്ടിക്കാൻ പ്രാപ്തരാക്കുന്നു. കൂടാതെ ഇവ പ്രേക്ഷകരുടെ സിനിമാസ്വാധനത്തിലേക്കുള്ള പ്രവേശനം ജനാധിപത്യവൽക്കരിക്കുകയും ചെയ്യുന്നുണ്ട്. സബ്ടൈറ്റിലുകളും ഡബ്ബിങ്ങും ഉപയോഗിച്ച് ഭാഷാതടസ്സങ്ങൾ മറികടന്ന് പ്രേക്ഷകർക്ക് ഇപ്പോൾ വിവിധ ഭാഷാസംസ്കാരങ്ങളിൽനിന്നും വിവിധ പ്രദേശങ്ങളിൽനിന്നുമുള്ള സിനിമകളും പരമ്പരകളും പര്യവേക്ഷണം ചെയ്യാൻ കഴിയുന്നു എന്നുള്ളതും അവ നൽകുന്ന സേവനങ്ങളിൽപ്പെടുന്നവയാണ്.

ലോക്ഡൗൺ സമയങ്ങളിൽ തീയേറ്ററിൽപോയി സിനിമ കാണാനുള്ള പരിമിതി നിലനിന്നിരുന്നതിനാൽ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിച്ചത് വിവിധ ഒ.ടി.ടി. പ്ലാറ്റ്ഫോമുകളെയാണ്. ഈ ഒ.ടി.ടി സിനിമാഭിനിവേശം സിനിമകളുടെ രൂപവും ഭാവവുംതന്നെ മാറ്റുവാനിടയായി. പല സിനിമകളും തിയേറ്ററുകളിൽ ഇറക്കാതെ നേരിട്ട് ഒ.ടി.ടിയെ ആശ്രയിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഇതിലൂടെ ഭൂരിഭാഗം മുടക്കുമുതലും തിരിച്ചുകിട്ടുകയും സിനിമ കൂടുതൽ പ്രേക്ഷകരിലേക്ക് വ്യാപിക്കുകയും ചെയ്യുന്നു.

പലതരത്തിലുള്ള ജോണറുകൾ മലയാളസിനിമയിൽ ഇതോടെ അവതരിപ്പിക്കപ്പെട്ടു. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് മഹേഷ് നാരായണൻ സംവിധാനം ചെയ്ത 'സി യു സൂൺ' എന്ന സിനിമ. ഇന്ത്യൻ സിനിമാലോകത്ത് 'സ്ക്രീൻ ലൈഫ് സിനിമ' എന്ന പുതുവിഭാഗം ഈ സിനിമയിലൂടെ അവതരിപ്പിക്കപ്പെട്ടു. കഥ വിവരിക്കുന്നതിന് ഡിജിറ്റൽ ഉപകരണങ്ങളെ ആശ്രയിക്കുന്നതാണ് സ്ക്രീൻ ലൈഫ് സിനിമയുടെ സവിശേഷത. പരമ്പരാഗത ഛായാഗ്രഹണത്തിന് പകരം വീഡിയോ കോളുകൾ, ടെക്സ്റ്റ് സന്ദേശങ്ങൾ, ഇമെയിലുകൾ, സോഷ്യൽമീഡിയ ഇടപെടലുകൾ, സ്ക്രീൻ റെക്കോർഡിംഗുകൾ എന്നിവയിലൂടെയാണ് സിനിമയുടെ കഥ നടക്കുന്നത്. ഇതുപോലെത്തന്നെ എടുത്തുപറയേണ്ട മറ്റൊരു സിനിമയാണ് 'ചതുർമുഖം' ടെക്നോ-ഹൊറർ എന്നൊരു പുതിയ ജോണർ മലയാള സിനിമയിലേക്ക് ഈ സിനിമയോടുകൂടിയാണ് കടന്നുവരുന്നത്. കൂടാതെ മലയാളസിനിമകൾ അധികം പരീക്ഷിച്ചിട്ടില്ലാത്ത ഫാന്റസി, സയൻസ് ഫിക്ഷൻ ആശയങ്ങൾ ചുരുളി, ഭ്രമയുഗം, 9, ഗഗനചാരി പോലുള്ള സിനിമകളിലൂടെ മലയാളത്തിലും വിപുലപ്പെടുന്നതായി കാണാവുന്നതാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിലുള്ള അമേരിക്കൻ ക്രൈം സിനിമകളുടെ ശൈലിയായ നിയോ-നോയർ[2] പോലുള്ള ചലച്ചിത്ര വിഭാഗങ്ങളും ഈയിടെയായി വളരെയധികം മലയാള സിനിമകളിൽ ഇടംപിടിച്ചിട്ടുണ്ട്. ശക്തമായ കഥാപാത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള ആഖ്യാനങ്ങളേയും സങ്കീർണ്ണമായ കഥാസന്ദർഭങ്ങളേയും വളരെക്കാലമായിത്തന്നെ മലയാളസിനിമ അവതരിപ്പിക്കുന്നുണ്ട്. സമീപകാല സിനിമകളിൽ നിയോ-നോയിർ ഘടകങ്ങൾ ഉൾപ്പെടുത്തുന്നത് സിനിമയുടെ മറ്റൊരു പരിണാമത്തെ അടയാളപ്പെടുത്തുന്നു എന്നുപറയാം.

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

പ്രമേയങ്ങൾ, ദൃശ്യശൈലികൾ, സങ്കീർണ്ണമായ കഥാപാത്രങ്ങൾ എന്നിവയുമായി പരമ്പരാഗത മലയാള കഥാഖ്യാനത്തെ സമന്വയിപ്പിക്കുന്ന 'കുറുപ്പ്' പോലുള്ള ചിത്രങ്ങൾ ഈ വിഭാഗത്തിന്റെ ഉയർച്ചയുടെ വ്യക്തമായ ഉദാഹരണങ്ങളാണ്. ഭൂതകാലം, നൻപകൽ നേരത്ത് മയക്കം തുടങ്ങിയ സിനിമകളൊക്കെ ഇതിന്റെ ചുവടുപിടിച്ചുകൊണ്ട് മുന്നോട്ടുവന്നവയാണ്.

കഥകളുടെ ഉദ്വേഗജനകത്വം സൂക്ഷിക്കാൻവേണ്ടി സിനിമകൾ പ്രധാനമായും ചെയ്യുന്ന ഒരു വ്യത്യസ്തമായ പ്രവണതയാണ് നോൺലീനിയർ കഥാഖ്യാനം.3 ഇതിൽ സിനിമയുടെ കഥകൾ കാലക്രമത്തിലല്ലാതെ അവതരിപ്പിക്കപ്പെടുന്നു. ഈ സാങ്കേതികവിദ്യ കഥയ്ക്ക് സങ്കീർണ്ണതയും ആഴവും നിഗൂഢതയും കൊണ്ടുവരുന്നു. വ്യത്യസ്ത കാലയളവുകൾക്കിടയിൽ കഥ ചിതറികിടക്കുകയും ഫ്ലാഷ്ബാക്ക് സംവിധാനം ഉപയോഗിച്ച് ഒന്നിലധികം സന്ദർഭങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്നു. ഇതിലൂടെ ഒരു പുതിയ സിനിമാനുഭവം പ്രേക്ഷകർക്ക് ലഭിക്കുകയും ചെയ്യുന്നു. ഇയ്യോബിന്റെ പുസ്തകം, അഞ്ചാംപാതിര തുടങ്ങിയ സിനിമകളൊക്കെതന്നെ നോൺലീനിയർ കഥാഖ്യാനം പരീക്ഷിച്ചിട്ടുള്ള സിനിമകളാണ്.

ഇപ്പോഴിറങ്ങുന്ന മലയാളസിനിമകളെ അവലോകനം ചെയ്താൽ പ്രധാനമായും യഥാതഥമായി മനുഷ്യജീവിതങ്ങളെ പകർത്തുന്നതായി കാണാം. കൂടാതെ സാമൂഹികപ്രശ്നങ്ങൾ സിനിമയിൽ കൈകാര്യം ചെയ്യുന്നതിലൂടെ മലയാളസിനിമകൾ കൂടുതൽ ജനകീയമായി മാറുന്നു. ഒരു മാസ് നായക കഥാപാത്രങ്ങളിൽനിന്നും സാധാരണ വ്യക്തിയായ നായകനിലേക്കുള്ള പ്രയാണത്തിലാണ് ഇന്ന് മലയാളസിനിമകൾ എത്തിയിരിക്കുന്നത്. ഓസ്കാർ നാമനിർദ്ദേശം ചെയ്യപ്പെട്ട 'ജെല്ലികെട്ട്' പോലുള്ള സിനിമകളിൽ ഇത് വ്യക്തമാണ്. ഇതിലൂടെ വ്യത്യസ്തമായ ഒരാഖ്യാനശൈലിതന്നെ സംവിധായകർ പ്രേക്ഷകർക്ക് മുന്നിൽ തുറന്നിടുന്നു. കൂടാതെ സ്ത്രീ കേന്ദ്രിതമായി വളരെയധികം സിനിമകൾ ഇന്ന് ഇറങ്ങുന്നു എന്നതും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പലപ്പോഴും സിനിമകളിൽ കേവലം രണ്ടാം സ്ഥാനത്തുമാത്രം നിൽക്കുന്ന കഥാപാത്രങ്ങളായാണ് സ്ത്രീകളെ അവതരിപ്പിക്കാറ്. പുരുഷാധിപത്യസമൂഹത്തിൽ അടിച്ചമർത്തപ്പെടുന്ന സ്ത്രീകളുടെ ജീവിതം, അവരുടെ പോരാട്ടങ്ങൾ, വിജയങ്ങൾ എന്നിവ ഉയർത്തിക്കാട്ടുന്ന പശ്ചാത്തലകഥകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ സമീപവർഷങ്ങളിൽ മലയാളസിനിമയിൽ സ്ത്രീകേന്ദ്രീകൃത സിനിമകൾ പ്രധാനവിഭാഗമാവുന്നുണ്ട്. പുരുഷനോളം പ്രാധാന്യം ഓരോ സ്ത്രീയ്ക്കും ഉണ്ടെന്ന ഉള്ളടക്കത്തിൽ ഇറങ്ങുന്ന ഇത്തരം സിനിമകൾ പരമ്പരാഗത സ്ത്രീസങ്കല്പങ്ങളെ മറികടക്കുന്നവിധത്തിൽ സ്ത്രീകഥാപാത്രങ്ങൾക്ക് ശബ്ദം നൽകുന്നു. ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ, ഉയരെ, ഹൗ ഓൾഡ് ആർ യു, ഉള്ളൊഴുക്ക്, പ്രഭയായ് നിനച്ചതെല്ലാം തുടങ്ങിയ സിനിമകളൊക്കെ ഇത്തരത്തിൽ നിർമ്മിക്കപ്പെട്ടതാണ്.

## നവസാങ്കേതികവിദ്യകളും ഭാവമാറ്റവും

വളരെ നൂതനമായ നവസാങ്കേതികവിദ്യകളാൽ സമ്പന്നമാണ് ഇന്ന് നമ്മുടെ സിനിമാലോകം. ഇതിൽ ആളുകൾക്ക് വളരെയധികം സുപരിചിതമായതും സിനിമകളിൽ അധികമായി ഉപയോഗിക്കുന്നതുമായ സാങ്കേതികവിദ്യയാണ് വിഷ്വൽ ഇഫക്റ്റ് (VFX) ചലച്ചിത്രനിർമ്മാണത്തിലും വീഡിയോ നിർമ്മാണത്തിലും ഒരു തത്സമയ സന്ദർഭത്തിനുപുറത്ത് ഒരു സാങ്കൽപ്പിക പ്രതിബിംബം സൃഷ്ടിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന പ്രക്രിയയാണ് വിഷ്വൽ ഇഫക്റ്റുകൾ അഥവാ വി.എഫ്.എക്സ്. യഥാതഥമായ ഒരു പശ്ചാത്തലചിത്രം ലഭിക്കുന്നതിനുവേണ്ടി കമ്പ്യൂട്ടർ ജനറേറ്റഡ് ഇമാജിനറി (CGI) ഘടകങ്ങളും ഉപയോഗിക്കുന്നു. പച്ചയോ നീലയോ പശ്ചാത്തലത്തിൽവച്ച് ഒരു വസ്തുവിനെ ചിത്രീകരിക്കുകയും പിന്നീട് ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് ആ ചിത്രീകരണത്തെ മിഥ്യയായ പശ്ചാത്തലങ്ങളാക്കി മാറ്റുകയുമാണ് ഇവയിലൂടെ ചെയ്യുന്നത്. മോഷൻ ക്യാപ്ചർ, ഡിജിറ്റൽ സിമുലേഷനുകൾ എന്നിവയുടെ ഉപയോഗവും ഇതിൽ പ്രധാനമാണ്. അവതാർ, അവഞ്ചേഴ്സ് പോലുള്ള അമേരിക്കൻ ചിത്രങ്ങൾ ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്.

അഭിനേതാക്കളുടെ ചലനങ്ങളും മുഖഭാവങ്ങളും സെൻസറുകൾ വച്ചുകൊണ്ട് പകർത്തിയെടുക്കുകയും, ശേഷം അവയെ ഡിജിറ്റൽ രൂപത്തിലോ ത്രിമാനരൂപത്തിലോ മാറ്റി കഥാപാത്രങ്ങളെ ചിട്ടപ്പെടുത്തുകയും ചെയ്യുന്ന സാങ്കേതികവിദ്യയാണ് മോഷൻ ക്യാപ്ചർ (mo-cap). ഇത് പ്രധാനമായും മൂന്നുതരത്തിലുണ്ട്. അഭിനേതാക്കളുടെ ചലനങ്ങളും, മുഖഭാവങ്ങളും പിടിച്ചെടുക്കാൻ കഴിവുള്ള സെൻസറുകൾ അടങ്ങിയ പ്രത്യേക വസ്ത്രങ്ങൾ അവരെ ധരിപ്പിച്ചുകൊണ്ട് ചിട്ടപ്പെടുത്തുന്ന, ഫുൾ ബോഡി മോഷൻ ക്യാപ്ച്ചർ (Full Body Motion Capture) ആണ് ഇതിലാദ്യത്തേത്. അടയാളപ്പെടുത്തിയ ഒരു നിശ്ചിത സ്ഥലത്തുനിന്നുകൊണ്ടാണ് ഫുൾ ബോഡി മോഷൻ ക്യാപ്ച്ചറിൽ അഭിനേതാക്കൾ അഭിനയിക്കുന്നത്. സിനിമകളിൽ ഉപയോഗിക്കുന്ന ഏറ്റവും സാധാരണ രൂപമാണിത്. സംഘട്ടനരംഗങ്ങൾ ചിത്രീകരിക്കാനും അഭിനേതാവിന്റെതന്നെ ആനിമേഷൻ രൂപം സൃഷ്ടിക്കാനും ഇത് ഉപയോഗിക്കുന്നു. മറ്റൊന്നാണ് ഫേഷ്യൽ മോഷൻ ക്യാപ്ച്ചർ. ഹൈ-ഡെഫനിഷൻ ക്യാമറകൾപോലുള്ള പ്രത്യേക സംവിധാനങ്ങൾ അഭിനേതാക്കളുടെ മുഖഭാവങ്ങളെ പിടിച്ചെടുക്കുന്ന രീതിയാണിത്. ഇത് ഫുൾ ബോഡി മോഷൻ ക്യാപ്ച്ചറിൽനിന്നും കുറച്ചുകൂടി ഉയർന്ന, യാഥാർത്ഥ്യബോധമുള്ള ഫേഷ്യൽ ആനിമേഷനുകൾ രൂപപ്പെടുത്തുന്നു. സെൻസറുകൾ അടങ്ങിയ വസ്ത്രങ്ങളോ പ്രത്യേകം അടയാളപ്പെടുത്തിയ ഇടങ്ങളോ ആവശ്യമില്ലാതെ ചിത്രീകരിക്കുന്ന മൂന്നാമത്തെ തരമാണ് മാർക്കർലെസ് മോഷൻ ക്യാപ്ച്ചർ (MMC). ഇവിടെ ശരീരത്തിന്റെ ചലനം പിടിച്ചെടുക്കാനായി ക്യാമറകളും നൂതന സോഫ്റ്റ്വെയറുകളും ഉപയോഗിക്കുന്നു. അഭിനേതാക്കൾക്ക് താരതമ്യേനെ ആയാസരഹിതമായ ജോലിയാണെങ്കിലും ഇതിനു വളരെ ശക്തിയേറിയ സോഫ്റ്റ്വെയർ ആവശ്യമാണ്. മോഷൻ ക്യാപ്ചർ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് വളരെയധികം

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

സിനിമകൾ ഇന്ന് നിർമിക്കപ്പെടുന്നുണ്ട്. 2014ൽ തമിഴ് ഭാഷയിൽ പുറത്തിറങ്ങിയ 'കൊച്ചടൈയാൻ' ആണ് മോഷൻ ക്യാപ്ചർ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമിക്കപ്പെട്ട ആദ്യത്തെ ഇന്ത്യൻസിനിമ.

യഥാർത്ഥലോകത്തിന്റെ പ്രതീതി ജനിപ്പിക്കാൻവേണ്ടി ഒരു ഡിജിറ്റൽ ഇടത്തിൽ കമ്പ്യൂട്ടർ ജനറേറ്റഡ് ഇമാജിനറി ഉപയോഗിച്ചുകൊണ്ട് പരിസ്ഥിതിയെയോ മറ്റു പ്രകൃതി പ്രതിഭാസങ്ങളെയോ നിർമിക്കുന്ന പ്രക്രിയയാണ് ഡിജിറ്റൽ സിമുലേഷനുകൾ. ഇത് യഥാർത്ഥലോകത്തിന്റെ തനിപകർപ്പാണ്. സിനിമകളിൽ യാഥാർത്ഥ്യബോധമുള്ള ഇടപെടലുകൾ നടത്തുന്നതിനോ അല്ലെങ്കിൽ യഥാർത്ഥലോകത്ത് ചിത്രീകരിക്കാൻ സാധിക്കാത്ത കാര്യങ്ങളെ നിർമിച്ചെടുക്കുവാനും ഈ സാങ്കേതികവിദ്യ സഹായിക്കുന്നു. ഡിജിറ്റൽ സിമുലേഷനുകൾ പുതുകാലസിനിമകളുടെ അവിഭാജ്യഘടകമാണ്. സ്വാഭാവികഘടകങ്ങൾ മുതൽ സങ്കീർണ്ണമായ ഇടപെടലുകൾവരെ എല്ലാം അനുകരിച്ചുകൊണ്ട് സിനിമകളുടെ യാഥാർഥ്യം, വ്യാപ്തി, സർഗ്ഗാത്മകത എന്നിവ അവ വർദ്ധിപ്പിക്കുന്നു. ഇതിലൂടെ ബുദ്ധിമുട്ടുള്ളതോ അസാധ്യമോ ആയ ചില ദൃശ്യങ്ങൾ അതിശയകരമായ രീതിയിൽ സൃഷ്ടിക്കാനും സാധിക്കുന്നു.

ഡീ-ഏജിംഗ് ടെക്നോളജിയാണ് ശ്രദ്ധേയമായ മറ്റൊന്ന്. സിനിമകളിൽ ഒരു നടനെയോ നടിയെയോ ചെറുപ്പമായി കാണാൻ ഉപയോഗിക്കുന്ന ഒരു എ.ഐ. വിഷ്വൽ ഇഫക്റ്റ് സാങ്കേതികതയാണ് ഡീ-ഏജിംഗ് ടെക്നോളജി. ഇത് പ്രധാനമായും ഫ്ലാഷ്ബാക്ക് രംഗങ്ങളുടെ ചിത്രീകരണത്തിനായി ഉപയോഗിക്കുന്നു. ചിത്രം ഡിജിറ്റലായി എഡിറ്റുചെയ്യുന്നതിലൂടെയോ, കമ്പ്യൂട്ടർ ജനറേറ്റഡ് ഇമേജറിയിലൂടെയോ ആണ് പലപ്പോഴും ഇത് സാധ്യമാകുന്നത്. ഇതിലൂടെ കഥാപാത്രജീവിതത്തിന്റെ വിവിധഘട്ടങ്ങളെ അവതരിപ്പിക്കാൻ ഒരേ നടനുതന്നെ സാധിക്കുന്നു. കൂടാതെ ചെലവ് ലാഭിക്കുകയും കഥപറച്ചിലിന്റെ തുടർച്ച വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഹിന്ദി സിനിമകളായ ഫാൻ, എം.എസ്. ധോണി എന്നിവയും തമിഴ് സിനിമ ആദവൻ, ഗോട്ട് എന്നിവയും തെലുങ്ക് സിനിമയായ കൽക്കി, ആചാര്യ എന്നിവയും കന്നഡ സിനിമയായ ഗോസ്റ്റ് എന്നിവയുമൊക്കെ ഡീ-ഏജിംഗ് ടെക്നോളജി ഉപയോഗിച്ച പ്രധാന ഇന്ത്യൻസിനിമകളാണ്.

ഒരാളെ മറ്റൊരാളായി ചിത്രീകരിക്കാനും അവരുടെ ശബ്ദം പുനർനിർമിക്കാനുമാണ് പ്രധാനമായും ഡീപ് ഫേക്ക് സാങ്കേതികവിദ്യ ഉപയോഗിക്കുന്നത്. നിർമിതബുദ്ധിയുടെ സഹായത്തോടെ നിർമിക്കുന്ന വീഡിയോകളാണ് പ്രധാനമായും ഇതിൽ ഉൾപ്പെടുന്നത്. മരിച്ചുപോയതോ അല്ലെങ്കിൽ സിനിമ മുഴുവിപ്പിക്കാതെ നിർത്തിപ്പോയതോ ആയ അഭിനേതാക്കളെ നിർമിതബുദ്ധിയുടെ സഹായത്തോടെ സാങ്കേതികമായി നിർമിച്ചെടുത്ത് ചിത്രീകരിക്കുന്നു. ഒരാളുടെ രൂപത്തെ ചിത്രീകരിക്കുന്നതുപോലെതന്നെ അവരുടെ ശബ്ദങ്ങളും നിർമിക്കാൻ കഴിയുന്നു. മരിച്ചുപോയ പല ആളുകളുടെയും ശബ്ദങ്ങൾ ഡീപ് ഫേക്ക് ഉപയോഗിച്ച് പുനർനിർമിച്ച് സിനിമകളിൽ ഡബ്ബ്ചെയ്തിരിക്കുന്നത് കാണാനാവും. തമിഴ് സിനിമയായ ഇന്ത്യൻ 2വിൽ അന്തരിച്ച നെടുമുടിവേണു, വിവേക്, മനോബാല എന്നിവരുടെ കഥാപാത്രങ്ങൾ ഡീപ് ഫേക്ക് വഴിയാണ് ചിത്രീകരിച്ചിരിക്കുന്നത്. അടുത്തിടെ ഇറങ്ങിയ 'രേഖാചിത്രം' എന്ന മലയാളസിനിമയിൽ ഈ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് 'കാതോടു കാതോരം' സിനിമയിലുള്ള മമ്മൂട്ടിയുടെ കഥാപാത്രത്തെ പുനഃസൃഷ്ടിച്ചിരുന്നു. ഈ സാങ്കേതികവിദ്യയുടെ പരീക്ഷണത്തിൽ അന്തരിച്ച പല ഗായകരുടെയും ശബ്ദത്തിൽ ഇന്ന് പാട്ടുകൾ നിർമിക്കുകയും അവ സിനിമകളിൽ ഉപയോഗിക്കുകയും ചെയ്തിരിക്കുന്നതായും കാണാം.

മറ്റൊരു പ്രധാനപ്പെട്ട സാങ്കേതികവിദ്യയാണ് ബോഡിഡബിൾസ് ടെക്നോളജി. സിനിമകളിലെ ചില രംഗങ്ങൾ അഭിനയിക്കാൻ വിമുഖത പ്രകടിപ്പിക്കുന്ന അഭിനേതാക്കളുടെ അഭാവത്തിൽ മറ്റൊരു നടനെ/നടിയെകൊണ്ട് ആ ഭാഗം അഭിനയിപ്പിക്കുന്നു. അഭിനേതാവിന്റെ രൂപസാദൃശ്യമുള്ള മറ്റൊരാളാവും അത് ചെയ്യുന്നത്. ഇത്തരത്തിൽ അഭിനേതാക്കളുമായി പൊരുത്തപ്പെടുന്ന തരത്തിൽ മറ്റൊരാളെ അഭിനയിപ്പിക്കുന്ന സാങ്കേതികവിദ്യയാണ് ബോഡിഡബിൾസ്. സംഘട്ടനം, നഗ്നതാപ്രദർശനം, അപകടകരമായ രംഗങ്ങൾ എന്നിവയിൽ ബോഡി ഡബിൾസ് ഉപയോഗിക്കുന്നു. പകരംവരുന്ന ആളിന്റെ മുഖം സിനിമയുടെ പോസ്റ്റ്-പ്രൊഡക്ഷനിൽ എഡിറ്റുചെയ്ത് മാറ്റുകയും പകരം അഭിനേതാവിന്റെ മുഖം വെക്കുകയുമാണ് ചെയ്യുക.

ഉയർന്ന നിലവാരം പുലർത്തുന്ന 4k, 8k റെസല്യൂഷനുകളുള്ള ഹൈ-ഡെഫനിഷൻ ക്യാമറകൾ അവതരിപ്പിച്ചത് സിനിമകളുടെ രൂപത്തെത്തന്നെ മാറ്റിമറിച്ച ഒന്നായിരുന്നു. ഇത് കാഴ്ചക്കാരിൽ ദൃശ്യാനുഭവം വർദ്ധിപ്പിക്കുന്നു. സിനിമയിൽ 4k, 8k ക്യാമറകളുടെ പ്രാധാന്യം അൾട്രാ-ഹൈ-ഡെഫനിഷൻ (UHD) ഇമേജുകൾ ചിത്രീകരിക്കുക എന്നതു മാത്രമല്ല, അവ സിനിമയുടെ ചിത്രീകരണത്തിനുശേഷമുള്ള കാര്യങ്ങളെയും സ്വാധീനിക്കുന്നുണ്ട്. എഡിറ്റിങ് പോലുള്ള ഭാരമേറിയ ജോലികൾ മറ്റുള്ള ചിത്രീകരണത്തെ അപേക്ഷിച്ച് ഇവിടെ കൂടുതൽ എളുപ്പമാവുന്നു. ഷോട്ടുകൾ പുനർരൂപകൽപ്പന ചെയ്യുന്നതിനും വിഷ്വൽ ഇഫക്റ്റുകൾ മെച്ചപ്പെടുത്തുന്നതിനും കളർഗ്രേഡിംഗ് മെച്ചപ്പെടുത്തുന്നതിനുംവേണ്ടി ചലച്ചിത്ര നിർമാതാക്കൾ ഇവയെ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നു. 3D പോലുള്ള സാങ്കേതികതയുടെ ദൃശ്യമികവും ആഴവും കാഴ്ചക്കാരിൽ പൂർണതയോടെ എത്തിക്കാൻ ഇത്തരം ഉയർന്ന ദൃശ്യനിലവാരത്തിലുള്ള ക്യാമറകൾ വലിയ പങ്കുവഹിക്കുന്നുണ്ട്.

സിനിമകളിൽ ദൃശ്യങ്ങൾപോലെതന്നെ വളരെയധികം പ്രാധാന്യമുള്ളതാണ് ശബ്ദങ്ങൾ. ഡോൾബി അറ്റ്മോസ്, ഡിടിഎസ് തുടങ്ങിയ ശബ്ദസാങ്കേതികവിദ്യകൾ സിനിമയ്ക്ക് ഒരു പുതിയമാനം നൽകുകയും ഈ നൂതന ശബ്ദസാങ്കേതികവിദ്യകളുടെ വരവ് സിനിമകളിലെ ശബ്ദത്തിന്റെ പങ്ക് വിപ്ലവകരമാക്കുകയും ചെയ്തു. ഇത് ദൃശ്യങ്ങളെ പൂർത്തീകരിക്കുന്ന ആഴത്തിലുള്ള ശ്രവണാനുഭവവും സൃഷ്ടിക്കുന്നു. നമ്മളെ സിനിമകളിലേക്ക് മുഴികിപ്പിക്കാൻ ഈ ശബ്ദസാങ്കേതികവിദ്യകൾക്കു സാധിക്കുന്നു. ഈ സാങ്കേതികവിദ്യകൾ ഒരു മാനത്തിൽ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

(Dimension)നിന്ന് മാത്രം പുറപ്പെടുവിപ്പിക്കുന്ന സ്പെഷ്യൽ ഓഡിയോയുടെ അതിരുകൾ മറികടക്കുകയും ഒരു ബഹു-മാന (Multi-Dimensional) ശബ്ദാനുഭവം സൃഷ്ടിക്കുകയും ചെയ്യുന്നു. പരമ്പരാഗതമായുള്ള സറൗണ്ട് ശബ്ദ സാങ്കേതികതയിൽനിന്നു വ്യത്യസ്തമായി, പ്രേക്ഷകർക്ക് ചുറ്റുമുള്ള സ്പീക്കറുകൾ വഴി (മുന്നിൽ, വശങ്ങളിൽ, പുറകിൽ) ഡോൾബി അറ്റ്മോസ് ഓഡിയോ അനുഭവത്തിന് കൂടുതൽ മെച്ചപ്പെട്ട നിലവാരം നൽകുന്നു. ഇതിന് മുകളിൽനിന്നും ചുറ്റുപാടുകളിൽനിന്നും ശബ്ദങ്ങൾ കേൾക്കുന്ന അനുഭവമുണ്ടാക്കാനാവും. അതിനാൽത്തന്നെ മുകളിൽനിന്നു പറക്കുന്ന ഹെലികോപ്റ്ററുകളുടെയോ മുകളിൽനിന്നു വീഴുന്ന മഴയുടെയോ ശബ്ദം കൂടുതൽ യാഥാർഥ്യബോധമുള്ളതായി മാറുന്നു, കാരണം പ്രേക്ഷകർക്ക് ചുറ്റുമുള്ള 360 ഡിഗ്രി സ്ഥലത്തുനിന്നും ശബ്ദം വരുന്നതായി തോന്നുന്നു. ഡോൾബി അറ്റ്മോസ്, ഔറോ 3D തുടങ്ങിയ സംവിധാനങ്ങളിലൂടെ ത്രിമാനശബ്ദവും നിർമിക്കുന്നു. ഈ ശബ്ദം ശ്രോതാവിന് ചുറ്റും ത്രിമാന സ്ഥലത്താണ് ചലിക്കുന്നത്. ഇത് സ്ഥലാവബോധം മെച്ചപ്പെടുത്തുകയും സിനിമയുടെ അന്തരീക്ഷത്തിൽ മുഴുകാൻ പ്രേക്ഷകരെ സഹായിക്കുകയും ചെയ്യുന്നു. ഇത് സിനിമാസ്വാദനത്തെ വളരെയധികം സ്വാധീനിച്ചിരിക്കുന്ന ഒന്നാണ്.

3D പോലുള്ള സാങ്കേതികവിദ്യയിൽനിന്നും ഒരുപടിയുംകൂടി മുന്നോട്ടുനീങ്ങി 4Dയിലേക്ക് എത്തിനിൽക്കുകയാണ് ഇന്ന് സിനിമാലോകം. സിനിമയിൽ ചിത്രീകരിച്ചിരിക്കുന്ന രംഗങ്ങളുമായി തിയറ്ററിൽ സംഭവിക്കുന്ന പ്രത്യേക ഇഫക്റ്റുകളെ സംയോജിപ്പിക്കുന്ന ഒന്നാണ് 4ഡി സാങ്കേതികവിദ്യ. മോഷൻസീറ്റ് ഇഫക്റ്റിലൂടെ ചലനം, സെന്റ് ഇഫക്റ്റിലൂടെ സുഗന്ധം, വാട്ടർസ്പ്രേ ഇഫക്റ്റിലൂടെ മഴ, മൂടൽമഞ്ഞ് എന്നിവ, വിന്റ് ആന്റ് എയർ ഇഫക്റ്റിലൂടെ കാറ്റ്, ടെമ്പറേച്ചർ ഇഫക്റ്റിലൂടെ താപനില മാറ്റങ്ങൾ, വൈബ്രേഷൻ ഇഫക്റ്റിലൂടെ ഭൂമികുലുക്കം എന്നിവ 4ഡി സിനിമകളിൽനിന്ന് പ്രേക്ഷകർക്ക് നേരിട്ട് അനുഭവിക്കാൻ കഴിയുന്നു.

ഉപദർശനങ്ങൾ

ആധുനികസിനിമയുടെ പരിണാമത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിലൂടെ സിനിമകൾ വിനോദിപ്പിക്കുക മാത്രമല്ല, സാമൂഹിക യാഥാർത്ഥ്യങ്ങളുടെ നിർമ്മാണത്തിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുന്നുവെന്ന നിഗമനത്തിലേക്കെത്താം. ആദ്യകാല സിനിമകളിലെ ഒഴിവാക്കൽ രീതികളിൽനിന്നുമാറി എല്ലാത്തിനെയും ഉൾക്കൊള്ളുന്ന തരത്തിലുള്ള ആഖ്യാനപരിവർത്തനം, കൂട്ടായ അവബോധത്തെ രൂപപ്പെടുത്തുന്നതിലുള്ള സിനിമയുടെ ശക്തമായ പങ്കിനെ വെളിപ്പെടുത്തുന്നു. സിനിമകളിൽ പുതിയ സാങ്കേതികവിദ്യകളുടെ സംയോജനം ചലച്ചിത്ര പ്രവർത്തകർക്ക് പരിധിയില്ലാത്ത സൃഷ്ടിപരമായ സാധ്യതകൾ തുറന്നുകൊടുത്തു. കൂടാതെ യാഥാർത്ഥ്യബോധം വർദ്ധിപ്പിക്കുവാനും ആഴത്തിലുള്ള അനുഭവങ്ങൾ പകരാനും ഇതിലൂടെ കഴിയുന്നു. ഈ മുന്നേറ്റങ്ങൾ കഥകൾ പറയുന്ന രീതിയെ പരിവർത്തനം ചെയ്യുക മാത്രമല്ല കാഴ്ചക്കാരന്റെ അനുഭവത്തെ ഉയർത്തുകയും ചെയ്തു.

വെർച്വൽ റിയാലിറ്റി ഓഗ്മെന്റഡ് റിയാലിറ്റി പോലുള്ള പുതിയ സാങ്കേതികവിദ്യകൾ സിനിമയുടെ ഭാവി കൂടുതൽ ആവേശകരവും വിപ്ലവകരവുമാക്കുകയും ചെയ്യുന്നു. വിഷ്വൽ ഇഫക്റ്റുകൾ, സൗണ്ട് ഡിസൈൻ എന്നീ സാങ്കേതികവിദ്യയുടെ പുരോഗതികളിലൂടെ ചലച്ചിത്രപ്രവർത്തകർ അവരുടെ പ്രേക്ഷകരെ സൃഷ്ടിക്കുന്നതിലും വിതരണം ചെയ്യുന്നതിലും സംവദിക്കുന്നതിലും വിപ്ലവം സൃഷ്ടിക്കുന്നു. സിനിമയെ ഒരു രേഖീയ കലാരൂപമായി കാണുന്നതിൽനിന്ന് അതിനെ ഒരു ബഹുതല സാംസ്കാരിക, സാങ്കേതിക ആവാസവ്യവസ്ഥയായി കാണുന്നതിലേക്ക് ഇന്നത്തെ സമൂഹം മാറിയിട്ടുണ്ട്.

ഇത്തരം പുതുസങ്കേതികവിദ്യകൾ സിനിമകളെ കീഴടക്കുമ്പോഴും അതിന്റെ പിന്നിലെ പാർശ്വഫലങ്ങളും പ്രധാനമാണ്. ഡീപ്ഫേക്ക് പോലുള്ള സാങ്കേതികവിദ്യയിലൂടെ അശ്ലീലരൂപത്തിൽ പല ആളുകളെയും ചിത്രീകരിക്കുന്നു. പലപ്പോഴും ഇത് തിരിച്ചറിയാൻ കഴിയാത്തവിധം സാമ്യംപുലർത്തുകയും അവർ സ്വത്വപ്രതിസന്ധി നേരിടുകയും ചെയ്യുന്നു. കൂടാതെ ഇത്തരത്തിലുള്ള ആധുനിക സാങ്കേതികവിദ്യയിലൂടെ ഒരു മനുഷ്യൻ ചെയ്യേണ്ടുന്ന എല്ലാകാര്യങ്ങളും കംപ്യൂട്ടറുകളും നിർമിതബുദ്ധിയും ചെയ്യുന്നതിലൂടെ സിനിമയെ ആശ്രയിച്ച് ജീവിക്കുന്ന ഒരുകൂട്ടം തൊഴിലാളികൾക്കും അഭിനേതാക്കൾക്കും തൊഴിൽസാധ്യത കുറയുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിൽത്തന്നെയും വളരെയധികം മുന്നോട്ടു പോയിട്ടുള്ള ഈ പുതുസാങ്കേതികവിദ്യ ഒരു പുതുലോകംതന്നെ പ്രേക്ഷകർക്ക് മുന്നിൽ തുറന്നിടുന്നുവെന്നതിൽ സംശയമില്ല.

**കുറിപ്പുകൾ**

1. ചർച്ച ചെയ്യാനും സാമൂഹികപ്രശ്നങ്ങളെ തിരിച്ചറിയാനും വ്യക്തികൾ ഒത്തുചേരുന്ന ഒരിടത്തെയാണ് പൊതുമണ്ഡലം (Public Sphere) എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. ജർമൻ തത്ത്വചിന്തകനും സാമൂഹികശാസ്ത്രജ്ഞനുമായ ജൂർഗൻ ഹേബർമാസാണ് ഈ ആശയം മുന്നോട്ടുകൊണ്ടുവന്നത്.
2. ആധുനികസിനിമകളിൽ ഉപയോഗിക്കുന്ന ഒരു ചലച്ചിത്രശൈലിയാണ് നിയോ-നോയർ. ഇരുണ്ടതും അശുഭാപ്തിവിശ്വാസം നിറഞ്ഞതുമായ പ്രമേയങ്ങൾ, സങ്കീർണ്ണമായ ആഖ്യാനങ്ങൾ, ധാർമ്മികമായി അവ്യക്തമായ കഥാപാത്രങ്ങൾ എന്നിവയാണ് ഇതിന്റെ പ്രത്യേകത.
3. ഫ്ലാഷ്ബാക്കുകൾ, ഫ്ലാഷ്ഫോർവേഡുകൾ, സമാന്തര ടൈംലൈനുകൾ അല്ലെങ്കിൽ റിവേഴ്സ് ക്രോണോളജി തുടങ്ങിയവ ഉൾപ്പെടുന്ന, സംഭവങ്ങളെ കാലക്രമത്തിൽ അവതരിപ്പിക്കാതെ ക്രമരഹിതമായി ചിത്രീകരിക്കുന്ന ആഖ്യാനങ്ങളെയാണ് നോൺ-ലീനിയർ കഥാഖ്യാനമെന്ന് സൂചിപ്പിക്കുന്നത്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

**ഗ്രന്ഥസൂചി**


- ഗോപിനാഥൻ കെ., സിനിമയും സംസ്കാരവും, കറന്റ് ബുക്ക്സ്, 2005.
- ജോസ് കെ മാനുവൽ, ന്യൂ ജനറേഷൻ സിനിമ, ഡി. സി ബുക്ക്സ്, 2019.
- മുരളികൃഷ്ണ, സിനിമ വീഡിയോ ടെക്നിക്ക്, ഡി സി ബുക്ക്സ്, 2013.
- Mackenzie, A. Et al, Cinema and Technology: Cultures, Theories, Practices, Palgrave Macmillan, 2008.
- Nicholas, Rombes, Cinema in the Digital Age, Wallflower Press, 2009.


**ദൃശ്യസൂചിക**

1. അമൽ നീരദ്, ഇയോബിന്റെ പുസ്തകം (ഇന്ത്യ/മലയാളം/2014/160"), അമൽ നീരദ് പ്രൊഡക്ഷൻസ്, ഫഹദ് ഫാസിൽ ആന്റ് ഫ്രണ്ട്സ്.
2. ആന്റണി റുസ്സോ, അവഞ്ചേഴ്സ് യുഎസ് /ഇംഗ്ലീഷ്/2019/181"), വാൾട്ട് ഡിസ്നി സ്റ്റുഡിയോ.
3. അരുൺ ചന്തു, ഗഗനചാരി (ഇന്ത്യ/മലയാളം/2024/115"), അജിത് വിനായക ഫിലിംസ്, ക്രിഷന്ദ് ഫിലിംസ്.
4. അശ്വിൻ നാഗ്, കൽക്കി 2898 എ ഡി (ഇന്ത്യ/തെലുങ്ക/2024/181"), വിജയശാന്തി മൂവിസ്.
5. ക്രിസ്റ്റോ ടോമി, ഉള്ളൊഴുക്ക് (ഇന്ത്യ/മലയാളം/2024/123"), ആർ.എസ്.വി.പി മൂവിസ്, മാക്ഗഫിൻ പിക്ചേർസ്.
6. ജെയിംസ് കാമറൂൺ, അവതാർ (യുകെ, യുഎസ്/ഇംഗ്ലീഷ്/2009/162"), 20th സെഞ്ച്വറി ഫോക്സ്.
7. ജിയോ ബേബി, ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ (ഇന്ത്യ/മലയാളം/2021/100"), മാൻകൈന്റ് സിനിമാസ്, സിംമെട്രി സിനിമാസ്, സിനിമാ കുക്ക്സ്.
8. ജീനസ് മുഹമ്മദ്, 9 (ഇന്ത്യ/മലയാളം/2019/148"), പ്രിത്വിരാജ് പ്രൊഡക്ഷൻസ്, എസ് പി വി ഫിലിംസ് ഇന്ത്യ.
9. ജോഫിൻ ടി ചാക്കോ, രേഖാചിത്രം (ഇന്ത്യ/മലയാളം/2025/140"), കാവ്യ ഫിലിം കമ്പനി, ആൻ മെഗാ മീഡിയ.
10. ഭരതൻ, കാതോടു കാതോരം (ഇന്ത്യ/മലയാളം/1985/121"), സെവെൻ ആർട്സ് ഫിലിംസ്.
11. മനു അശോകൻ, ഉയരെ (ഇന്ത്യ/മലയാളം/2019/125"), എസ്ക്യൂബ് ഫിലിംസ്, ഗൃഹലക്ഷ്മി പ്രൊഡക്ഷൻസ്.
12. മനീഷ് ശർമ, ഫാൻ, (ഇന്ത്യ/ഹിന്ദി/2016/138"), യഷ് രാജ് ഫിലിംസ്.
13. മഹേഷ് നാരായണൻ, സി യു സൂൺ (ഇന്ത്യ/മലയാളം/2020/98"), ഫഹദ് ഫാസിൽ ആന്റ് ഫ്രണ്ട്സ്.
14. മിഥുൻ മാനുവൽ തോമസ്, അഞ്ചാം പാതിരാ (ഇന്ത്യ/മലയാളം/2020/144"), ആഷിക് ഉസ്മാൻ പ്രൊഡക്ഷൻസ്, മാനുവൽ മൂവി മേക്കർസ്.
15. നീരജ് പാണ്ഡേ, എം എസ് ധോണി: ദി അൺ ടോൾഡ് സ്റ്റോറി (ഇന്ത്യ/ഹിന്ദി/2016/190"), ഫോക്സ് സ്റ്റാർ സ്റ്റുഡിയോസ്, ഫ്രൈഡേ ഫിലിം വർക്ക്സ്.
16. രഞ്ജിത്ത് കമല ശങ്കർ, സലിൽ വി, ചതുർമുഖം (ഇന്ത്യ/മലയാളം/2021/138"), ജിസ് ടോംസ് മൂവീസ്, മഞ്ജുവാര്യർ പ്രൊഡക്ഷൻസ്.
17. രവികുമാർ കെ എസ്, ആദവൻ (ഇന്ത്യ/തമിഴ്/2009/168"), റെഡ് ജയന്റ് മൂവിസ്.
18. രാഹുൽ സദാശിവൻ, ഭ്രമയുഗം (ഇന്ത്യ/മലയാളം/2024/139"), വൈ എൻ ഒ റ്റി സ്റ്റുഡിയോസ്, നൈറ്റ് ഷിഫ്റ്റ് സ്റ്റുഡിയോസ്.
19. രാഹുൽ സദാശിവൻ, ഭൂതകാലം (ഇന്ത്യ/മലയാളം/2022/105"), പ്ലാൻ റ്റി ഫിലിംസ്, ഷെയിൻ നിഗം ഫിലിംസ്.
20. ലിജോ ജോസ് പെല്ലിശ്ശേരി, ചുരുളി (ഇന്ത്യ/മലയാളം/2021/114"), മൂവി മൊണാസ്ട്രി, ചെമ്പോസ്കി മോഷൻ പിക്ച്ചർ.
21. ലിജോ ജോസ് പെല്ലിശ്ശേരി, ജല്ലിക്കെട്ട് (ഇന്ത്യ/മലയാളം/2019/95"), ഓപസ് പെന്റ.
22. ലിജോ ജോസ് പെല്ലിശ്ശേരി, നൻപകൽ നേരത്ത് മയക്കം (ഇന്ത്യ/മലയാളം/2023/104"), മമ്മൂട്ടി കമ്പനി, ആമേൻ മൂവി മൊണാസ്ട്രി.
23. വെങ്കട്ട് പ്രഭു, ഗോട്ട് (ഇന്ത്യ/തമിഴ്/2024/183"), എ ജി എസ് എന്റർടൈൻമെന്റ്.
24. ശങ്കർ എസ്, ഇന്ത്യൻ 2 (ഇന്ത്യ/തമിഴ്/2040/180"), ലൈക പ്രൊഡക്ഷൻസ്, റെഡ് ജയന്റ് മൂവിസ്.
25. ശിവ കൊരടല, ആചാര്യ (ഇന്ത്യ/തെലുങ്ക/2022/154"), കൊനിഡെല പ്രൊഡക്ഷൻ കമ്പനി.
26. ശ്രീനാഥ് രാജേന്ദ്രൻ, കുറുപ്പ് (ഇന്ത്യ/മലയാളം/2021/155"), വെയ്ഫെറർ ഫിലിംസ്, എം സ്റ്റാർ എന്റർടെയിൻമെന്റ്സ്.
27. ശ്രീനിവാസ് എം ജി, ഗോസ്റ്റ് (ഇന്ത്യ/കന്നഡ/2023/132"), സന്ദേശ് പ്രൊഡക്ഷൻസ്
28. സൗന്ദര്യ രജനികാന്ത്, കൊച്ചടൈയാൻ (ഇന്ത്യ/തമിഴ്/2014/124"), ഇറോസ് ഇന്റർനാഷനൽ.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

29. റോഷൻ ആൻട്രൂസ്, ഹൗ ഓൾഡ് ആർ യു (ഇന്ത്യ/മലയാളം/2024/141”), മാജിക്ക് ഫ്രെയിംസ്.

**ഇ – സൂചിക**

1. https://www.quantzig.com/blog/4-media-trends-film-industry/
2. https://www.researchgate.net/publication/369884169_Recent_Trends_in_Cinema
3. https://www.researchgate.net/publication/228448250_Production_Technology_and_Trends_in_Movie_Content_An_Empirical_Study
4. https://glidegear.net/blogs/news/7-emerging-filmmaking-technologies-and-trends-to-watch?srsltid=AfmBOorJJGlukilZD9c4F8beHdbnpVjPuTf8QYCETUlSdb0uqSwyd6Av
5. https://www.filmibeat.com/top-listing/from-shah-rukh-khans-fan-to-vijay-s-g-o-a-t-how-de-aging-technology-is-transforming-indian-cinema-7-3150.html

About the researcher:
ഗൗതമൻ തായാട്ട്
ഗവേഷകൻ, മലയാളവിഭാഗം, മദ്രാസ് സർവകലാശാല, ചെന്നൈ
Email: gauthamanthayat@gmail.com, Mob: 9497612143